## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *152 — 16.06.2014- ലെ മറുപടിക്ക്

### അവശ്യസേവനങ്ങൾ പി.പി.പി. വഴിയാക്കാനുള്ള നീക്കം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. എ. കെ. ബാലൻ:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. രാജു എബ്രഹാം | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) ജനങ്ങൾക്ക് അവശ്യസേവനവും സംരക്ഷണവും നല്കുന്ന സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിലായിരിക്കണമെന്ന നിലപാടുണ്ടോ;

(എ) ഉണ്ട്.

(ബി) ഇവ സ്വകാര്യ മേഖലയിലേക്ക് വിട്ടുകിട്ടുന്നതിനുള്ള കടുത്ത സമ്മർദ്ദതന്ത്രങ്ങൾ നടക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കീഴ്പ്പെടാതിരിക്കാൻ ജാഗ്രത പുലർത്തുമോ ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എങ്കിലും ജാഗ്രത പുലർത്തുന്നതാണ്.

(സി) പൊതു വിതരണവും വെള്ളവും വൈദ്യുതിയും ഉൾപ്പെടെയുള്ള പല സേവനങ്ങളും പശ്ചാത്തലസൗകര്യങ്ങളും പി.പി.പി. വഴി സ്വകാര്യ മേഖലയ്ക്ക് നൽകാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയുമോ;

(സി) പൊതുവിതരണവും കുടിവെള്ള വിതരണവും പി.പി.പി. വ്യവസ്ഥയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിൽ വൈദ്യുതി പ്രതിസന്ധി വളരെ രൂക്ഷമാണ്. ഈ പ്രതിസന്ധി തരണം ചെയ്യാനായി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പി.പി.പി. വ്യവസ്ഥ പ്രകാരമുള്ള പദ്ധതികളും നടപ്പിലാക്കേണ്ടിവരും.

(ഡി) ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം സേവനങ്ങളുമായി ബന്ധപ്പെട്ട മേഖലകൾ പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി.) ത്തിൽ വിട്ടുകൊടുക്കാനായിരുന്നു സർക്കാർ ഉദ്ദേശിച്ചിരുന്നത്?

(ഡി) പൊതുജനങ്ങൾക്ക് അഭിപ്രായം അറിയിക്കുന്നതിനായി കേരള സർക്കാർ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പി.പി.പി. കരട് നയത്തിന് താഴെ പറയുന്ന മേഖലകളിലാണ് പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ സാധ്യമാക്കാവുന്നത്.

1. കാർഷിക മേഖല
2. ലഘുധാതു വികസനം
3. കുടിവെള്ളം

4. വ്യാവസായികാവശ്യത്തിനുള്ള ജലവിതരണം
5. വിദ്യാഭ്യാസവും അനുബന്ധ സൗകര്യങ്ങളും
6. മത്സ്യബന്ധനവും അനുബന്ധ സൗകര്യങ്ങളും
7. വാതക വിതരണവും അനുബന്ധ ജോലികളും
8. ആരോഗ്യമേഖല
9. ഭവനനിർമ്മാണം
10. വ്യാവസായിക പാർക്കുകളും പ്രത്യേക സാമ്പത്തിക മേഖലയും (SEZ)
11. വിവരസാങ്കേതിക പ്രോജക്ടുകൾ
12. ഉൾനാടൻ ജലപാതകൾ
13. ജലസേചനം
14. ഭൂമി പുനരുദ്ധാരണ പ്രോജക്ടുകൾ
15. തുറമുഖങ്ങൾ
16. പവർ സിസ്റ്റംസ്
17. റോഡുകളും പാലങ്ങളും
18. ഖരമാലിന്യ സംസ്കരണം
19. സ്പോർട്സ് & റിക്രിയേഷൻ അടിസ്ഥാന സൗകര്യങ്ങൾ
20. ടൂറിസം & ഹോസ്പിറ്റാലിറ്റി പ്രോജക്ടുകൾ
21. നഗര ഗതാഗതം
22. അഴുക്കുചാൽ നിർമ്മാണം

എന്നാൽ ഇവയിൽ 'കുടിവെള്ളം' 'അഴുക്കുചാൽ നിർമ്മാണം' എന്നീ മേഖലകളിൽ പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ